ശ്രീ. കെ.പി. പ്രഭാകരൻ: അത് വേണമെങ്കിൽ ഞാൻ വായിക്കാം. സാമ്പത്തിക ബാദ്ധ്യതയുള്ളതും സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതും തൽക്കാലം സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സാധിക്കുകയില്ല. അനുബന്ധം വിശദമായി കൊടുത്തിട്ടുണ്ട്.

ചികിൽസാ സമ്പ്രദായം പരിഷ്ക്കരിക്കാൻ നടപടി

* 511. [549] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കുഷ്ഠരോഗാസ്പത്രികളും, അവയിലെ രോഗികളുടെ ചികിൽസാരീതികളും പരിഷ്കരിക്കുവാൻ നടപടികളെടുക്കാമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ച മാതൃകയിലുള്ള ചികിൽസയാണ് ഇപ്പോൾ കേരളത്തിലെ കുഷ്ഠരോഗാശുപത്രികളിലെ രോഗികൾക്ക് നൽകുന്നത്. ഈ ചികിൽസാരീതി പരിഷ്കരിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. കുഷ്ഠരോഗാശുപത്രികളിൽ മിനിതിയേറ്ററുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റു പരിഷ്കാരങ്ങൾ ധനലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: അയൽ സംസ്ഥാനങ്ങളിൽനിന്നും വിശേഷിച്ചും തമിഴ്നാട്ടിൽനിന്നും ധാരാളം കുഷ്ഠരോഗികൾ നമ്മുടെ സംസ്ഥാനത്ത് വരുന്നതായ വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പ്രവേശനം തടയുവാൻ അടിയന്തിര നടപടി എടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അയൽ സംസ്ഥാനങ്ങളിൽനിന്നു പലരും വരുന്നുണ്ടെന്നറിയാം. അതു തടയാനുദ്ദേശിക്കുന്നില്ല. അവരും ഇൻഡ്യയിലെ പൗരൻമാരാണ്.

ശ്രീ. പി.ജെ. ജോസഫ്: ചികിൽസാ സൗകര്യം ഇല്ലാത്ത വളരെയേറെ കുഷ്ഠരോഗികൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എറണാകുളം പോലുള്ള പട്ടണങ്ങളിൽ നൂറുകണക്കിന് കുഷ്ഠരോഗികൾ അലഞ്ഞുതിരിയുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. പ്രഭാകരൻ: എറണാകുളത്തെകാര്യം പ്രത്യേകമായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല. പലയിടത്തും ഇവർ അലഞ്ഞുതിരിയുന്നുണ്ടെന്നുള്ള വിവരം അറിയാം. ഇപ്പോഴുള്ള മൂന്നു കുഷ്ഠരോഗാശുപത്രികൾ ഗവൺമെൻറ് നേരിട്ട് നടത്തുന്നതാണ്. അവിടെ മൂന്നിടത്തും ഇവർക്ക് വേണ്ടുന്ന ചികിൽസ നൽകുന്നുണ്ട്. അതിനും പുറമേ എസ്.ഇ.ടി. സെൻറർഫോസ് പല ആസ്പത്രികളോടും അനുബന്ധമായി പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നൂറനാട്, കൊരട്ടി മുതലായ കുഷ്ഠരോഗാശുപത്രികളിൽ പത്തിരുപത് വർഷക്കാലം ചികിൽസിച്ചതിനുശേഷം ഭേദമായി പുറത്തേക്ക് പോകാമെന്നു പറയുന്ന രോഗികൾക്ക് ഒരു സെറ്റിൽമെൻറ് സ്കീം ഗവൺമെൻറിൽനിന്നും അനുഭവിച്ചത് ആലപ്പുഴജില്ലയിൽ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. സെറ്റിൽമെൻറ് സ്കീം വികസിപ്പിക്കാത്ത പുതിയ രോഗികളെ പ്രവേശിപ്പിക്കുവാൻ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നില്ലെന്നുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട്. ഈ സെറ്റിൽമെൻറ് സ്കീം വികസിപ്പിച്ച് ഭേദമായ രോഗികളെ പുറത്തേക്ക് വിടുകയും പുതിയ രോഗികളെ ആശുപത്രിയിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന പരിപാടി ഏതുവരെയെത്തി, എന്താണ് അതിൻറെ ഭാവിയെസംബന്ധിച്ച് ഗവൺമെൻറിൻറെ നിലപാട് എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: സെറ്റിൽമെൻറ് സ്കീം പ്രത്യേകമായി ചോദിച്ചാൽ അന്വേഷിച്ച് മറുപടി പറയാം. ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകളെ ചികിൽസിപ്പിക്കുവാനുള്ള സൗകര്യം വിവിധ എസ്.ഇ.ടി. സെൻറുകളിലുണ്ട്.

ശ്രീ. ഒ. ലൂക്കോസ്: കുഷ്ഠരോഗികളുടെ ചികിൽസാ രീതി ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ച പദ്ധതി അനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യാഗവൺമെൻറിൽനിന്നും കുഷ്ഠരോഗികളുടെ ചികിൽസയ്ക്കുവേണ്ടി എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ പ്രത്യേകത എന്താണ്?

ശ്രീ. കെ. പി. പ്രഭാകരൻ: കുഷ്ഠരോഗനിവാരണം, ടി. ബി. നിവാരണം എന്നീ ചില കാര്യങ്ങൾക്കുവേണ്ടി സെൻട്രൽ ഗവൺമെൻറിൻറെ സഹായം ലഭിക്കുന്നുണ്ട്. അതിൻറെ വിശദാംശം ഇപ്പോൾ എൻറെ കൈവശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മുനിസിപ്പാലിറ്റികളിലെ കൺകറൻറ് ആഡിറ്റ് സംവിധാനം

* 512 [532] ശ്രീ. പി. ആർ. ശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മുനിസിപ്പാലിറ്റികളിൽ കൺകറൻറ് ആഡിറ്റ് സംവിധാനം ഉണ്ട്;

(ബി) എല്ലാ മുനിസിപ്പാലിറ്റികളിലും ഈ സൗകര്യം അനുവദിക്കുന്നതിനു തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) എട്ടു മുനിസിപ്പാലിറ്റികളിൽ കൺകറൻറ് ആഡിറ്റ് സംവിധാനം ഉണ്ട്.

(ബി) കൺകറൻറ് ആഡിറ്റിനുവേണ്ടിവരുന്ന ചെലവ് അതാതു മുനിസിപ്പാലിറ്റികളും വഹിക്കണമെന്നുള്ളതുകൊണ്ട് എല്ലാ മുനിസിപ്പാലിറ്റികളിലും ഈ സൗകര്യം അനുവദിക്കുന്നതിനു വിഷമമാണ്.

ആയുർവ്വേദത്തിൽ ബി.എ.എം.എസ്. കോഴ്സ്

* 513 [535] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തിൽ ബി.എ.എം.എസ്. കോഴ്സ് നടപ്പിലാക്കുന്നതിനു എന്തെങ്കിലും നടപടിക്രമം സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly